# പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.707** **11/06/2014-ൽ മറുപടിക്ക്**

## മലബാർ മേഖലയിലെ ക്യാൻസർ ചികിത്സാ സൗകര്യം

**ചോദ്യം**

ശ്രീ. പി. റ്റി. എ. റഹീം

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആർ.സി.സി.യെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതുവഴി പുതിയ എന്തെല്ലാം സൗകര്യങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) | ആർ.സി.സി.യെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള Standing Committee on Tertiary Care Cancer Programme, 120 കോടിയുടെ സാമ്പത്തിക സഹായം സംസ്ഥാന സർക്കാരിന് അനുവദിച്ചു കൊണ്ടുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ടി തുക ആർ.സി.സിയുടെ ഭൗതിക സൗകര്യ വികസനത്തിനും ആശുപത്രിയുടെ വിവിധ ഡിവിഷനുകളിലേയ്ക്ക് യന്ത്രോപകരണ ങ്ങൾ വാങ്ങുന്നതിലേയ്ക്കുമാണ് അനുവദിച്ചിട്ടു ള്ളത്. പ്രസ്തുത തുക ഉപയോഗിച്ച് ആർ.സി.സി.യിലെ ഓപ്പറേഷൻ തീയേറ്റർ, ഇമേജിയോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, മൈക്രോ ബയോളജി, ബോൺമാരോ ട്രാൻസ്പ്ലാന്റ് യൂണിറ്റ്, എന്നിവിടങ്ങളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുവാനും നിലവിലുള്ള ആർ.സി.സി. കെട്ടിടം പുനരുദ്ധരിക്കുവാനു മാണ് പദ്ധതി ഇട്ടിട്ടുള്ളത്. |
| (ബി) | മലബാറിൽ നിന്നുള്ള കാൻസർ രോഗികൾ വിദഗ്ധ ചികിത്സയ്ക്കായി ആർ.സി.സി.യെയാണ് ആശ്രയിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | മലബാർ കാൻസർ സെന്ററിൽ നിലവിൽ ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒഴികെ കാൻസർ രോഗ ചികിത്സയ്ക്ക് ആവശ്യമായ എല്ലാ ചികിത്സാ സൗകര്യങ്ങളും ഉണ്ട്. ആകയാൽ ടി മേഖലയിലെ രോഗികൾക്ക് ആർ.സി.സിയെ ആശ്രയിക്കേണ്ട സാഹചര്യമില്ല. |

| | | | |
|---|---|---|---|
| (സി) | മലബാറിൽ കാൻസർ ചികിത്സയ്ക്ക് ആവശ്യമായ ആധുനിക സംവിധാനങ്ങൾ നിലവിലില്ലാത്തത് പ്രയാസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | മലബാർ കാൻസർ സെന്ററിൽ നിലവിൽ ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒഴികെ കാൻസർ രോഗ ചികിത്സയ്ക്ക് ആവശ്യമായ എല്ലാ ആധുനികചികിത്സാ സൗകര്യങ്ങളും ഉണ്ട്. മലബാർ കാൻസർ സെന്ററിൽ നിലവിൽ താഴെ പറയുന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.<br>• ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കി തെറാപ്പി മഷീൻ, എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.<br>• ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി വിഭാഗം, ഹിസ്റ്റോ പാത്തോളജി, മോളിക്യുലർ ഓങ്കോളജി, മൈക്രോ ബയോളജി എന്നീ വിഭാഗം.<br>• സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ സ്കാനർ, സി.ടി.സ്കാൻ, ഡിജിറ്റൽ എക്സറേ/500 എം.എ എക്സ്റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ മാമ്മോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.<br>• ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം.<br>• രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്.<br>• ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്.<br>• എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ.<br>• ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.<br>• കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.<br>• മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സി.യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | • 125 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്<br>• ഹോസ്പിറ്റൽ ബേസ്ഡ് കാൻസർ റെജിസ്ട്രി, പോപ്പുലേഷൻ ബേസ്ഡ് കാൻസർ റെജിസ്ട്രി എന്നിവ കൈകാര്യം ചെയ്യുന്ന കാൻസർ റെജിസ്ട്രി വിഭാഗം.<br>• ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ അടങ്ങുന്ന ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം<br>• ബയോസ്റ്റാറ്റിക്സ് വിഭാഗം അടങ്ങുന്ന ക്ലിനിക്കൽ റിസർച്ച് വിഭാഗം |
| (ഡി) | കോഴിക്കോട് ജില്ലയിലെ മാവൂർ തെങ്ങിലക്കടവിൽ ആധുനിക രീതിയിലുള്ള കാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന് സർക്കാരിന് സൗജന്യമായി ലഭിച്ച സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) | സർക്കാർ ഉത്തരവ് G.O.(MS) No.362/12/RD തീയതി 27/09/2012 പ്രകാരം കോഴിക്കോട് ജില്ലയിലെ തെങ്ങിലക്കടവിൽ സൗജന്യമായി ലഭിച്ച ആറര ഏക്കർ സ്ഥലവും കെട്ടിടവും മലബാർ കാൻസർ സെന്ററിന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവിടെ ഒരു സബ്-സെന്റർ സ്ഥാപിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുകൾ ഉണ്ടെന്നാണ് MCC അറിയിച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗത്തിന്റെ ഒരു സെന്റർ ഇവിടെ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ